# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 301 — 10.05.2017 — ൽ മറുപടിക്ക്

## ഭക്ഷ്യ ഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ

**ചോദ്യം**

ശ്രീ.എൽദോസ് കുന്നപ്പിള്ളി
,, അനൂപ് ജേക്കബ്
,, അടൂർ പ്രകാശ്
,, പി.ടി. തോമസ് :

(എ) സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ പരിഗണിച്ച് ഭക്ഷ്യ ഭദ്രതാ നിയമത്തിലെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്; വിവരിക്കുമോ;

(സി) സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; ആവശ്യങ്ങളിന്മേലുള്ള കേന്ദ്ര പ്രതികരണം എന്തെന്ന് വിശദമാക്കുമോ?

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)

(എ) യും (ബി) യും (സി യും) ഭക്ഷ്യ ഭദ്രത നിയമപ്രകാരം സംസ്ഥാനത്തിന് പ്രതിവർഷം ലഭ്യമായിക്കൊണ്ടിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ അളവ്, അഡ്ഹോക്ക് വിഹിതമുൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചുകൊണ്ടിരുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനേക്കാൾ കുറവായതിനാൽ, ഭക്ഷ്യ ഭദ്രത നിയമ പ്രകാരം സംസ്ഥാനത്തിന് ലഭ്യമാകുന്ന ഭക്ഷ്യ ധാന്യത്തിന്റെ അളവ് പുനർ നിർണ്ണയിക്കുന്നതിനും സംസ്ഥാനത്തെ മുഴുവൻ ആളുകൾക്കും റേഷൻ നൽകുന്നതിനാവശ്യമായ ഭക്ഷ്യധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും വകുപ്പുമന്ത്രി തലത്തിലും ബഹു. മുഖ്യമന്ത്രി തലത്തിലും കേന്ദ്ര സർക്കാരുമായി ടി വിഷയത്തിൽ നേരിട്ട് കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പൊതുമാനദണ്ഡമനുസരിച്ചാണ് അധിക വിഹിതം തീരുമാനിച്ചിട്ടുളളത് എന്നതിനാൽ കേരളത്തിന് മാത്രമായി ഇക്കാര്യത്തിൽ മാറ്റം വരുത്താൻ കഴിയില്ലായെന്ന് കേന്ദ്രം അറിയിച്ചു. എന്നാൽ OMSS നിരക്കിൽ കൂടുതൽ ഭക്ഷ്യധാന്യം ലഭ്യമാക്കി സംസ്ഥാനത്ത് വിതരണം നടത്തുന്നുണ്ട്.

*സെക്ഷൻ ഓഫീസർ*